"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കൊല്ലം നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടറായിരുന്ന ശ്രീ.ഐ.ആസാദ്-ന് പലിശരഹിത മെഡിക്കൽ അഡ്വാൻസ് മുൻകൂർ അനുവദിച്ച നടപടിക്ക് സാധൂകരണം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1960/2023/LSGD തീയതി,തിരുവനന്തപുരം, 06-10-2023

---

പരാമർശം:- നഗരകാര്യ ഡയറക്ടറുടെ 28.04.2022തീയതിയിലെ ഡിസി5-19224/2020 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഐ.ആസാദ് ക്യാൻസർ രോഗം ബാധിച്ച് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സ നടത്തുന്നതിന് മൂന്ന് ലക്ഷം രൂപ പലിശരഹിത വായ്പയായി അനുവദിക്കുന്നതിന് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ചികിത്സയുടെ അടിയന്തിരപ്രാധാന്യം കണക്കിലെടുത്ത് ടിയാൻ ആവശ്യപ്പെട്ട മുൻകൂർതുകയായ 3,00,000/- രൂപയുടെ 75% തുകയായ 2,25,000/-രൂപ നഗരസഭാ മേയറുടെ മുൻകൂർ അനുമതിയോടെ നഗരസഭാ ഫണ്ടിൽനിന്നും അനുവദിച്ച് നൽകിയതായും, പ്രസ്തുത നടപടിക്ക് സാധൂകരണം നൽകുന്നതിനായി ടിയാന്റെ അപേക്ഷയും അനുബന്ധരേഖകളും നഗരകാര്യഡയറക്ടർ പരാമർശം കത്ത് പ്രകാരം സമർപ്പിച്ചിരുന്നു .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ഐ.ആസാദ്-ന് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സ നടത്തുന്നതിന് പലിശരഹിത വായ്പയ്ക്ക് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ അടിയന്തരസാഹചര്യം പരിഗണിച്ച് നഗരസഭാ കൗൺസിൽ അംഗീകാരത്തോടെയും നഗരസഭാ മേയറുടെ മുൻകൂർ അനുമതിയോടെയും 2,25,000/- രൂപ (രണ്ട് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) നഗരസഭാ ഫണ്ടിൽനിന്നും മുൻകൂറായി അനുവദിച്ച് നൽകിയ നടപടിക്ക്, പലിശരഹിത വായ്പ അനുവദിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. ഐ.ആസാദ്, റവന്യൂ ഇൻസ്പെക്ടർ , കൊല്ലം നഗരസഭ
( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സെക്രട്ടറി, കൊല്ലം നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 06-10-2023 17:01:29

സെക്ഷൻ ഓഫീസർ